# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1335 — 03.10.2016 ൽ മറുപടിയ്ക്ക്

## കലാഭവൻ മണിയുടെ അകാല മരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | കലാഭവൻ മണിയുടെ മരണം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; ടിയാന്റെ മരണം എങ്ങനെ സംഭവിച്ചുവെന്നാണ് കരുതുന്നത്; വിശദമാക്കുമോ; | (എ) | ഉണ്ട്. കലാഭവൻ മണി മരണപ്പെട്ടത് ഏത് വിധേനയാണെന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. കേസിൽ ഊർജ്ജിതമായ അന്വേഷണം നടന്നു വരുന്നു. |
| (ബി) | ടിയാന്റെ മരണം കൊലപാതകമാണെന്ന് ആരോപിച്ച് ആരെങ്കിലും സർക്കാരിന്/പോലീസ് അധികാരികൾക്ക് ഏതെങ്കിലും തരത്തിൽ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ; | (ബി) | കലാഭവൻ മണിയുടെ മരണം അസ്വാഭാവിക മരണമാണെന്ന് ആരോപിച്ച് രണ്ടു പത്ര കട്ടിംഗ് ഉൾപ്പെടെ പതിനാറ് പരാതികൾ പോലീസ് അധികാരികൾക്ക് ലഭിച്ചിട്ടുണ്ട്. |

1. ശ്രീ.ഇഗ്നേഷ്യസ് കാട്ടൂർ (സാമൂഹ്യ പ്രവർത്തകൻ, ആലപ്പുഴ)
2. എസ്.സി./എസ്.റ്റി സർവ്വീസ് സൊസൈറ്റി-ഒറ്റശേഖരമംഗലം, തിരുവനന്തപുരം
3. ശ്രീ.വിനയൻ (സിനിമാ സംവിധായകൻ)
4. ശ്രീ.ബൈജു കൊട്ടാരക്കര (മാക്ട് പ്രസിഡന്റ്)
5. ശ്രീ.ജോസഫ് തോമസ്, അമേരിക്ക
6. ശ്രീമതി.നിമ്മി(മരണപ്പെട്ട കലാഭവൻ മണിയുടെ ഭാര്യ)
7. ശ്രീ.ജിജി, ചേരാനല്ലൂർ
8. ജന്മഭൂമി(news paper cutting)
9. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
10. Anonymous petition
11. കേരള ദലിത് ആദിവാസി ഫെഡറേഷൻ, മലപ്പുറം.

12. ജിഷ്ണ, അട്ടൂർ
13. കേരള കൗമുദി, തൃശ്ശൂർ
(News paper cutting)
14. Anonymous petition
15. ശ്രീ.രാമകൃഷ്ണൻ
(മരണപ്പെട്ട കലാഭവൻ മണിയുടെ സഹോദരൻ)
16. ശ്രീ.വി.വി.തമ്പി, കുന്നംകുളം.

പ്രസ്തുത പരാതികൾ അന്വേഷണത്തിനും, മേൽ നടപടികൾക്കുമായി തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.യ്ക്ക് അയച്ച് കൊടുത്തിട്ടുണ്ട്. കേസ് സി.ബി.ഐ.യ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് ടിയാന്റെ കുടുംബാംഗങ്ങളും കേരള സ്റ്റേറ്റ് എസ്.സി/എസ്.റ്റി സർവ്വീസ് സൊസൈററി അംഗങ്ങളും സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. കേസ് സി.ബി.ഐ. യ്ക്ക് കൈമാറുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ; ആയതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും പ്രതി ചേർത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്. ആരെയും പ്രതി പട്ടികയിൽ ഉൾപ്പെടുത്തുവാനായിട്ടുള്ള തെളിവുകൾ ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ എഫ്. ഐ. ആർ. നമ്പരും, മറ്റുവിശദാംശങ്ങളും, കേസ് ആര് അന്വേഷിക്കുന്നുവെന്നും വിശദമാക്കാമോ; | (ഡി) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 537/2016 u/s 174 Cr.PC ആയി രജിസ്റ്റർ ചെയ്ത് ചാലക്കുടി പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. |
| (ഇ) | മരണത്തിന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്തുമോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ? | (ഇ) | പ്രസ്തുത കേസിലെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ Death was due to Chlorpyrifos and Methyl Alcohol Poisoning, the Pre-Existing chronic liver disease(CIRRHOSIS) could have accelerated death എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

ലഭ്യമാണ

സെക്ഷൻ ഓഫീസർ